എ. എൽ. പി. എസ്
തോട്ടിക്കര.

# അക്കാദമിക
# മാസ്റ്റർ പ്ലാൻ

2025 - 2026

# ആമുഖം

സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി ജി.എൽ.പി.എസ് കോട്ടിക്കയിൽ നടക്കുന്ന പ്രവർത്തനങ്ങളുടെ മാസ്റ്റർ പ്ലാൻ

ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ആശയസാക്ഷാത്കാരത്തിനു വേണ്ടി വിദ്യാലയത്തിന്റെ ഭാവി മുന്നിൽകണ്ട് ആണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. മുഴുവൻ കുട്ടികളുടെ അക്കാദമിക വളർച്ച (ഓരോ ക്ലാസിലും നേടേണ്ട ശേഷി നേടൽ) ആണ് ഇതിലൂടെ ഉദ്ദേശിക്കുന്നതും ലക്ഷ്യം വെക്കുന്നതും അതിനുള്ള സമഗ്രമായ ആസൂത്രണരേഖയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. സമഗ്രമായ കാഴ്ചപ്പാടും പ്രവർത്തന പദ്ധതികളും ഇതിനാവശ്യമാണ്. ഗുണമേന്മയുള്ള ഒരു വിദ്യാഭ്യാസം ഇതിലൂടെ സൃഷ്ടിച്ചെടുക്കാൻ കഴിയട്ടെയെന്ന് നമുക്ക് ആശിക്കാം . . .

ഒരു നൂറ്റാണ്ടിന്റെ മുത്തശ്ശി:

ഒരു നാടിന്റെ സർവ്വതോന്മുഖ വളർച്ചക്ക് ഈടും പാവും നൽകിയ ഈ സരസ്വതിക്ഷേത്രാങ്കണം 1924-ൽ സ്ഥാപിതമായി. കഴിഞ്ഞ ഒരു നൂറ്റാണ്ട് അറിവിന്റെ വാതായനങ്ങൾ ഈ നാടിനു മുന്നിൽ തുറന്നിട്ടു. ഇന്ന് ഒരു നൂറ്റാണ്ട് തികയുന്ന ഈ അവസരത്തിൽ ഒട്ടനവധി നേട്ടങ്ങൾ കൈവരിക്കുവാനും ഈ നാടിന് ഒരുപാട് സംഭാവനകൾ നൽകുവാനും കഴിഞ്ഞു.

ഐക്യകേരളത്തിനുമുമ്പ് മദിരാശി പ്രസിഡൻസിയുടെ കീഴിലായിരുന്നു ഈ വിദ്യാലയം. അദ്ധ്യസ്ഥവിദ്യരും, ദരിദ്ര ജനവിഭാഗങ്ങളും തിങ്ങിപ്പാർത്തിരുന്ന ജനങ്ങൾക്ക് വിദ്യയുടെ വെളിച്ചം പകർന്നു നൽകി സമൂഹത്തെ മുന്നോട്ടു നയിച്ച ഈ സ്ഥാപനം തുടക്കത്തിൽ 1 മുതൽ 5-ാം ക്ലാസ് വരെയും പ്രവർത്തനമാരംഭിച്ചു. ഐക്യകേരള രൂപീകരണത്തിന ശേഷമാണ് വിദ്യാഭ്യാസരംഗത്ത് മാറ്റത്തിന്റെ ശംഖൊലികൾ മുഴങ്ങി.

കഴിഞ്ഞ കാല വീഥിയിൽ മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ച വെക്കാൻ വിദ്യാലയത്തിനു കഴിഞ്ഞിട്ടുണ്ട്. ഹൈസ്കൂൾ മേഖലയിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ മാറി മാറി വരുന്ന മാനേജ്മെന്റുകൾ സാമൂഹിക പ്രതിബദ്ധത നിലനിർത്തി പോന്നു. തുടക്കത്തിൽ രണ്ട് ഡിവിഷനുകളുമായി ആണ് ഈ സ്ഥാപനം ആരംഭിച്ചത്.

ഓരോ വർഷവും 200 ഓളം കുട്ടികൾക്ക് അറിവിന്റെ ആദ്യാക്ഷരങ്ങൾ പകർന്നു നൽകാനായി. സാമൂഹ്യസ്നേഹികളായ ഒരു തലമുറയെ വാർത്തെടുക്കാൻ കഴിഞ്ഞു എന്നതാണ് ഇന്നും ഈ വിദ്യാലയത്തിന്റെ നിലനിൽപ്പിന്റെ ആധാരം. ആ തലമുറയുടെ സ്നേഹോഷ്മളമായ തലോടലാണ് ഇന്ന് ഈ വിദ്യാലയത്തെ മുന്നോട്ടു നയിക്കുന്നത്. 9 പതിറ്റാണ്ട് പിന്നിടുന്ന ഈ വിദ്യാലയത്തിൽ ഇന്ന് 5 അധ്യാപകരും 110 ഓളം കുട്ടികളും പഠിക്കുന്നു. പ്രീപ്രൈമറിയും, ക്രഷും അടിസ്ഥാന വിദ്യാഭ്യാസത്തിന്റെ ചൂണ്ടുപലകകളായി വർത്തിക്കുന്നു.

ഈ വിദ്യാലയത്തിൽ നിന്നും പഠനം പൂർത്തിയാക്കിയ പൂർവ്വവിദ്യാർത്ഥികൾ രാഷ്ട്രീയ-സാമൂഹിക മേഖലകളിലും അധ്യാപനം, എഞ്ചിനിയറിംഗ്, രാജ്യസേവനം, വൈദ്യം, എന്നി മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചത് അഭിമാനകരമാണ്.

ഇന്ന് കലാ - കായിക പഠന മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിച്ചുള്ള പഠന പ്രവർത്തനങ്ങൾക്കാണ് വിദ്യാലയം നേതൃത്വം നൽകുന്നത്. കലാകായികപഠന മേഖലകളിൽ സബ് - ജില്ല തലത്തിൽ മികവാർന്ന വിജയം കാഴ്ചവക്കാൻ സാധിച്ചിട്ടുണ്ട്. അടച്ചുറപ്പുള്ള ക്ലാസ്മുറി, വിശാലമായ ലൈബ്രറി, ക്ലാസ് ലൈബ്രറി, വിദ്യാർത്ഥികേന്ദ്രീകൃതമായ ക്ലാസ്മുറി, വിശാലമായ കളിസ്ഥലം, ഐ.ടി അധിഷ്ഠിത ലാബ്, ഇലക്ട്രിഫിക്കേഷൻ പൂർത്തിയാക്കിയ ക്ലാസ്മുറികൾ, ശുചിത്വമുള്ള ശുചിമുറികൾ, ഭിന്നശേഷിക്കാരെ ഉൾക്കൊള്ളുന്ന ക്ലാസ്മുറി (റാമ്പ് ആന്റ് റെയിൽ), പച്ചപ്പു നിറഞ്ഞ വിദ്യാലയ അന്തരീക്ഷം ആധുനികസൗ-

ഒപ്പം ഞങ്ങളോടുകൂടിയ പാചകപ്പുര , രുചി-
കരമായ ഉച്ചഭക്ഷണം, കലാ - കായിക
മേഖലകളിൽ വിദഗ്ദ്ധപരിശീലനം. ഉത്തര-
വാദിത്വ ബോധമുള്ള രക്ഷകർത്തൃ സമിതി
അങ്ങനെ എണ്ണിയാലൊടുങ്ങാത്ത നേട്ട-
ങ്ങളുമായി ഇന്ന് ഈ വിദ്യാലയം മുന്നോട്ട്
കുതിക്കുന്നു.

പാലക്കാട് ജില്ലയുടെ ഒരറ്റത്ത്
കിടക്കുന്ന ഈ വിദ്യാലയം ഇനിയും വളർ
ച്ചയുടെ സ്വപ്നങ്ങൾ കാണുന്നു......
ഒരുമയുടെ സ്വപ്നങ്ങൾ...... ഒരു നാടി-
ന്റെ സ്വപ്നങ്ങൾ.......
നമുക്ക് ഒരുമിച്ചു സഞ്ചരിക്കാം ......
ഒരു നാടിനായ് ...... ഒരുവിദ്യാലയ-
ത്തിനായ് ........

# വിദ്യാലയം മികവിന്റെ കേന്ദ്രം.

ആധുനിക കാലഘട്ടത്തിൽ ആധുനിക സാങ്കേതിക വിദ്യകളുടെ അടിസ്ഥാനത്തിൽ മുഴുവൻ കുട്ടികളെയും അക്കാദമികമേഖലയിൽ വളർത്തുക എന്ന മഹത്തായ ലക്ഷ്യത്തിനാണ് ഇവിടെ തുടക്കമിടുന്നത്.

ഒരു വിദ്യാർത്ഥി ആർജ്ജിച്ചെടുക്കേണ്ടത് കേവലമായ ചില മേഖലകളിലെ അറിവല്ല എന്നും മറിച്ച് ആവിഷയത്തിന്റെ സമ്പൂർണ്ണമായ അറിവാണ് വേണ്ടതെന്നാണ് ഞങ്ങളുടെ പക്ഷം.

തന്റെ മുന്നിൽ വരുന്ന പഠിതാവ് ഒന്നുമറിയാത്തവനാണെന്ന ധാരണമാറി അവന്റെ ഉള്ളിലെ സർഗ്ഗശേഷികളെ പരിപോഷിപ്പിക്കുന്നതാവണം വിദ്യാലയം. ശൂന്യമായ മനസ്സുമായി ആരും ഇവിടെയും വരുന്നില്ലെന്ന തത്വചിന്തകന്റെ ചിന്തക്ക് ഇവിടെ വലിയ പ്രാധാന്യമുണ്ടാകുന്നു.

- മാതൃഭാഷാ സ്നേഹം.
- മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകൾ അനായാസം കൈകാര്യം ചെയ്യാനുള്ള കഴിവ്
- ശുചിത്വ ബോധം
- അച്ചടക്കം
- സഹജീവികളോട് സ്നേഹം
- പ്രകൃതി സ്നേഹം
- സാമൂഹിക അവബോധം
- ഐ.ടി ഉപകരണങ്ങൾ ഉപയോഗിക്കാനുള്ള കഴിവ്.
- വ്യത്യസ്ത കഴിവുകൾ പ്രകടിപ്പിക്കാനുള്ള അവസരങ്ങൾ
- ജനാധിപത്യബോധം.
- മതനിരപേക്ഷ ചിന്ത
- വിവിധ ചിന്താഗതിക്കാരെ ഉൾക്കൊള്ളുവാനുള്ള കഴിവ്.
- ശാസ്ത്ര- ഗണിത മേഖലകളിലെ വിപുലമായ അറിവ്.

- സാംസ്കാരിക പാരമ്പര്യം വളർത്തുക
- ദേശീയ ബോധം
- പ്രകൃതിയെ സ്നേഹിക്കൽ
- ആത്മധൈര്യം
- ചരിത്രത്തെ അടുത്തറിയൽ
- ദിനാചരണങ്ങളിലൂടെ ചരിത്രത്തിലേക്ക്.
- സംരംഭകത്വ വിദ്യാഭ്യാസത്തിന്റെ പ്രസക്തി മനസ്സിലാക്കൽ (IEDC)
- അഭിമുഖങ്ങൾ, ശില്പശാലകൾ
- പഠനയാത്രകൾ
- സാംസ്കാരിക ഉത്സവങ്ങൾ
- വായനാ വസന്തം
- പ്രതിഭാ പോഷണ പരിപാടി (മുന്നോക്കക്കാർക്ക്)
- ഞങ്ങളും മുന്നിലേക്ക് (പിന്നോക്കക്കാർക്ക്)
- സ്വയം തിരിച്ചറിയൽ
- സ്കോളർഷിപ്പുകൾ
- തൊഴിലിന്റെ മഹത്വം
- ജൈവ വൈവിധ്യ പാർക്ക്.

- സ്കൂളിൽ ഒരു പച്ചക്കറിത്തോട്ടം.

ഇങ്ങനെ വിദ്യാലയം തന്നെ ഒരു പാഠപു-
സ്തകമായി കുട്ടികൾ അനുഭവിക്കുന്ന
അവസ്ഥയാണ് ഞങ്ങൾ സ്വപ്നം കാണുന്ന-
ത്.

## നിലവിലുള്ള അവസ്ഥ

പാലക്കാട് ജില്ലയിലെ പിന്നോക്ക മേഖലയിൽ സ്ഥിതിചെയ്യുന്ന ഒരു വിദ്യാലയമാണ് A.L.P.S കോട്ടക്കര. സാമ്പത്തികമായ പിന്നോക്കാവസ്ഥ വിദ്യാലയത്തിന്റെ പ്രവർത്തനങ്ങളെ പലപ്പോഴും ബാധിക്കുന്നു. കൃഷിക്കാരുടെയും - കർഷക തൊഴിലാളികളുടെയും കുട്ടികളാണ് ബഹു ഭൂരിപക്ഷവും. എന്നാൽ ആരോഗ്യമുള്ള ഒരു തലമുറയാണെന്ന കാര്യവും നാം വിസ്മരിക്കരുത്.

ഓഫീസ് റൂം അടക്കം 5 ടെറസ് ബിൽഡിംഗിലാണ് വിദ്യാലയം പ്രവർത്തിക്കുന്നത് 1, 2 ക്ലാസുകൾ ശിശു കേന്ദ്രീകൃതമാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. എല്ലാ ക്ലാസ്റൂമുകളിലും ഇലക്ട്രിഫിക്കേഷൻ നടത്തിയിട്ടുണ്ട്. M.P, ജില്ലാപഞ്ചായത്ത് ഇവരുടെ സഹകരണത്തോടു കൂടി കുടിവെള്ള ക്ഷാമം പരിഹരിച്ചു.

വേണ്ടത്ര ശുചിമുറികൾ വിദ്യാലയത്തിനുണ്ട്. 1500 ഓളം വരുന്ന പുസ്തകങ്ങളുമായി ഒരു സ്കൂൾ ലൈബ്രറി ഈ സ്കൂളിലുണ്ട്. അദ്ധ്യാപകരുടെ സഹായത്തോടുകൂടി നിർമ്മിച്ച I.T ലാബ് പ്രവർത്തിക്കുന്നു. (MLA, M.P) . മാസത്തിൽ ഒരിക്കൽ Subject council കൂടി വിഷയങ്ങൾ ചർച്ച ചെയ്യുന്നു. ആഴ്ചയിലൊരിക്കൽ ക്ലാസ് റൂമിൽ അനുഭവപ്പെടുന്ന വിഷയങ്ങൾ SRG യിൽ ചർച്ച ചെയ്യുന്നു.

എല്ലാ ക്ലാസ്മുറികളിലും ക്ലാസ് ലൈബ്രറിയും പത്രവും കൃത്യമായി വിതരണം ചെയ്യുന്നു. കലാ-കായിക പ്രവർത്തി പരിചയ ക്ലബുകൾ ആഴ്ചയിലൊരിക്കൽ വിദ്യാലയത്തിൽ സംഘടിപ്പിക്കുന്നു. പി.ടി.എ യുടെ സഹകരണത്തോടെ പ്രൈമറിയും. ജില്ലാ ശിശുക്ഷേമസമിതിയുടെ സഹകരണത്തോടെ ക്രഷും നല്ലരീതിയിൽ പ്രവർത്തിക്കുന്നു.

# പിന്നോക്കക്കാർക്കായി

മലയാളത്തിനും, ഹിന്ദി, ഹലോ ഇംഗ്ലീഷ്
ഗണിതം മധുരം, ശാസ്ത്രം ജീവിതം എന്നി
പ്രത്യേക പരിപാടികൾ നടത്തുന്നു. സ്കൂളി
ളിൽ വിവിധ ക്ലബ്ബുകളുടെ പ്രവർത്തന
ങ്ങളും സജീവമാക്കാം.

പ്രശ്നങ്ങൾ - വെല്ലുവിളികൾ

- ലേഖനം
- വായന
- ഇംഗ്ലീഷ്
- ഗണിതം (ക്രിയകൾ, ആശയം)
- ശാസ്ത്രം
- സാങ്കേതികവിദ്യാ ഉപയോഗം
- കല
- പ്രവർത്തിപരിചയം.
- ഐ.ടി അധിഷ്ഠിതപഠനം
- ആത്മവിശ്വാസക്കുറവ്.
- വിദ്യാലയ ഭൗതികസാഹചര്യം.
- പഠനാന്തരീക്ഷം
- ആരോഗ്യം
- മോട്ടിവേഷൻ
- അനുഭവത്തിലൂടെ പഠനം.
- പ്രതിഭാ പോഷണം
- ലാബ്

- വിനോദങ്ങൾക്കുള്ള പഠനപ്രവർ-ത്തനങ്ങൾ
- സാംസ്കാരിക തനിമയുടെ തിരിച്ചറിവ്
- രക്ഷകർതൃബന്ധം
- ലീഡർഷിപ്പ്
- പോഷകാഹാരത്തെറിവ്.
- യാത്രാസൗകര്യം.
- മോണിറ്ററിംഗ്.
- സെമിനാറുകൾ.
- Language lab.

- വായന

| | | |
|---|---|---|
| • ഒന്യകാ വായനകൾ | | |
| • പത്രങ്ങൾ | | പത്രങ്ങൾ പൂർവ്വ വിദ്യാർത്ഥികൾ വഴി |
| • ബാലകഥകൾ | | |
| • കവിതകൾ | | SSA |
| • അക്ഷര കാർഡുകൾ | | ശേഖരണങ്ങൾ (പഴയ പുസ്തകങ്ങൾ |
| • ആടാം പാടാം (കഥ കവിതയാക്കുക) | | |
| • ആനുകാലിക-പ്രസിദ്ധീകരണങ്ങൾ | | |
| • പ്രാദേശിക വാർത്തകൾ | | |
| • താത്പര്യമുണർത്തുന്ന പുസ്തകങ്ങൾ | | സ്കൂളിലെ IT ഉപകരണങ്ങൾ |
| • IT സഹായത്തോടെ | | |

- ബോധനം

| പ്രവർത്തനങ്ങൾ | ചിലവ് | മാറ്റങ്ങൾ |
| --- | --- | --- |
| • ചിത്രങ്ങൾ<br>• Work Sheet<br>• ദൃശ്യം ചിത്രങ്ങൾ<br>• അനുഭവങ്ങൾ എഴുതിക്കൽ<br>• IT സഹായങ്ങളോടുകൂടെ ബോധന പ്രവർത്തനങ്ങൾ | | |

ലഘു ഇംഗ്ലീഷ്

- ലഘു ഇംഗ്ലീഷ് പ്രവർത്തനങ്ങൾ
- Small stories
- English News Paper
- magazines
- ഇംഗ്ലീഷ് വാർത്തകൾ കേൾപ്പിക്കുക
- Models
- Story tellings
- play method
- IT
- work sheet
- Games

പ്രത്യേകമായ ചിലവുകൾ ഇല്ലാത്ത രീതിയിലാണ് ഇത്തരം പ്രവർത്തനങ്ങൾ നടത്തുക.

IT ഉപകരണങ്ങൾ കാര്യമായി ഉപയോഗിക്കാനാവും.

- ഗണിതം

| | | |
|---|---|---|
| - നമ്പർ ചാർട്ടുകൾ<br>- അഭ്യാസം<br>- ഒരു കുട്ടിക്ക് ഒരു ഗണിത കിറ്റ് (ക്ലാസുകൾക്കനുസരിച്ച് വികസിക്കണം)<br>- ഗണിത മേളകൾ<br>- ഗണിത ശില്പങ്ങൾ<br>- ജീവിത സന്ദർഭങ്ങൾ അവതരിപ്പിക്കുക<br>- ഗണിത പാട്ടുകൾ<br>- IT ഉപയോഗിച്ച് രസകരമാക്കൽ | | വലിയ രീതിയിലുള്ള Funding ആവശ്യമുണ്ട്. |

| | | | | | | |
|---|---|---|---|---|---|---|
| 8651 | PALAKKAD | KUZHALMANNAM | S.V.I. N. M. U. P. S. Vilayanchathanur | 21444 | 1251 | 2500 |
| 8652 | PALAKKAD | KUZHALMANNAM | A. S. B. S. Manjalur | 21445 | 357 | 2000 |
| 8653 | PALAKKAD | KUZHALMANNAM | A. U. P. S. Chembrakulam | 21446 | 562 | 2500 |
| 8654 | PALAKKAD | KUZHALMANNAM | K. A. M. U. P. S. Chulanur | 21447 | 107 | 1000 |
| 8655 | PALAKKAD | KUZHALMANNAM | A. B. U. P. S. Kannadi | 21448 | 221 | 1500 |
| 8656 | PALAKKAD | KUZHALMANNAM | A. U. P. S. Chemganiyur | 21449 | 454 | 2000 |
| **AEO TOTAL** | | | | | | **85500** |
| 8657 | PALAKKAD | MANNARKKAD | G. H. S. Karimba | 21079 | 172 | 1500 |